# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3220** **24/02/2016-ൽ മറുപടിയ്ക്ക്**

## രാമന്തളി നടപ്പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) കാസർഗോഡ്, കണ്ണൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന രാമന്തളി നടപ്പാലം നിർമ്മാണം സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പാലത്തിന്റെ പണി എന്നാരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാ ക്കാമോ ? | എ) കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF-XVI ൽ ഉൾപ്പെടുത്തി സർക്കാരിൽ നിന്നും നൽകിയിരുന്നു.<br><br>അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലം എം.എൽ.എ., പഞ്ചായത്ത് അധികൃതർ, മറ്റു ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിനു പകരം ഒരു സിംഗിൾ ലെയിൻ ബ്രിഡ്ജ് ആണ് ആവശ്യമെന്ന് അറിയിക്കുക യുണ്ടായി.<br><br>അതനുസരിച്ച് ടി ബ്രിഡ്ജിന്റെ 22 കോടി രൂപ വരുന്ന പുതുക്കിയ പ്രൊപ്പോസൽ RIDF-XXI - ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരം ലഭ്യമാക്കു വാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**